# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എൽ.എം.പി6/504/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 04/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)
2.എ.ഡി.സി. (ജനറൽ)

നമ്പർ: കെ.എസ്.എ.കെ.എൽ.എം.പി6/504/22 തീയ്യതി: 04/07/2022

## കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2020 മുതൽ 28-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-10-2020 മുതൽ 31-01-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മാത്യുറോയി കെ.പി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 07-03-2022 | 15-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-03-2022 | 15-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രഞ്ജിത്ത്കുമാർ ജി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.ശശിജോഷ് എ, ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി ജി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സുനിൽകുമാർ യു.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശശികുമാർ | പ്രസിഡന്റ് | 01-04-2020 | 13-11-2020 |
| അഡ്മിനിസ്റ്റേറ്റീവ് കമ്മിറ്റി ഭരണം | പ്രസിഡന്റ് | 14-11-2020 | 30-12-2020 |
| ശ്രീ.എം.ശിവപ്രസാദ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.അജയരാജ് എസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.മേരിക്കുട്ടിതോമസ്സ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2020 | 03-02-2021 |
| ഡോ.സുനിത ശിവദാസൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 04-02-2021 | 31-03-2021 |
| ശ്രീമതി കെ.പി.ബീന | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.സച്ചിൻദാസ് എസ്.ആർ | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശാന്ത ടി.എൽ | ശിശുവികസന ഓഫീസർ | 01-04-2020 | 31-05-2020 |
| ശ്രീമതി ശ്രീജ പി. | ശിശുവികസന ഓഫീസർ | 01-06-2020 | 10-09-2020 |
| ശ്രീമതി ലേഖ എം | ശിശുവികസന ഓഫീസർ | 11-09-2020 | 31-03-2021 |
| ശ്രീ.ഗിരീഷ് വി.ആർ | അസി.എക്സിക്യൂട്ടീവ് എൻജിനീയർ | 01-04-2020 | 13-05-2020 |
| ശ്രീമതി ലത വി. | അസി.എക്സിക്യൂട്ടീവ് എൻജിനീയർ | 14-05-2020 | 04-10-2020 |
| ശ്രീ.പത്മകുമാർ പി. | അസി.എക്സിക്യൂട്ടീവ് എൻജിനീയർ | 05-10-2020 | 31-03-2021 |
| ശ്രീമതി കൃഷ്ണ നമ്പൂതിരി | വ്യവസായ വികസന ഓഫീസർ | 01-04-2020 | 13-11-2020 |
| ശ്രീ സുബിൻ എ. | വ്യവസായ വികസന ഓഫീസർ | 14-11-2020 | 24-01-2021 |
| ശ്രീമതി ഗിരിജ വി.പി | വ്യവസായ വികസന ഓഫീസർ | 25-01-2021 | 31-03-2021 |
| ശ്രീമതി ബിന്ദു കെ.വി | സീനിയർ വെറ്റിനറി | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | സർജൻ | | |
| ശ്രീ. മോഹൻശങ്കർ കെ എസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2020 | 12-06-2020 |
| ശ്രീ. ഹരീഷ് ബി എസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 12-06-2020 | 06-07-2020 |
| ശ്രീമതി. സീന എസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 06-07-2020 | 03-08-2020 |
| ശ്രീമതി. ജ്യോതി വി ആർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 03-08-2020 | 30-10-2020 |
| ശ്രീമതി. ജയശ്രീ ആർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 30-10-2020 | 31-03-2021 |
| ശ്രീമതി ഗീതു എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 29-06-2020 |
| ശ്രീമതി സുനില എൻ. എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 29-06-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sunilkumar.U.S (Auditor, On 11-03-2022)<br>Last Updated By: Santhosh N (Computer Assistant, On 24-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: G.Ambili (Senior Grade Auditor, On 11-03-2022)<br>Last Updated By: Santhosh N (Computer Assistant, On 24-06-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 18-03-2022)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: G.Ambili (Senior Grade Auditor, On 11-03-2022)<br>Last Updated By: Santhosh N (Computer Assistant, On 04-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: G.Ambili (Senior Grade Auditor, On 11-03-2022)<br>Last Updated By: Santhosh N (Computer Assistant, On 24-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sunilkumar.U.S (Auditor, On 11-03-2022)<br>Last Updated By: Santhosh N (Computer Assistant, On 24-06-2022) | 1-5 |
| 7 | ക്യാഷ് പരിശോധന<br>Written By: Sunilkumar.U.S (Auditor, On 11-03-2022)<br>Last Updated By: Santhosh N (Computer Assistant, On 24-06-2022) | 1-6 |
| 8 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)<br>Written By: Sunilkumar.U.S (Auditor, On 11-03-2022)<br>Last Updated By: Santhosh N (Computer Assistant, On 24-06-2022) | 1-7 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sunilkumar.U.S (Auditor, On 11-03-2022)<br>Last Updated By: Santhosh N (Computer Assistant, On 24-06-2022) | 1-8 |
| 10 | വിദേശ തൊഴിൽ നേടുന്ന യുവാക്കൾക്ക് ധനസഹായം നൽകൽ-സന്ദർശക വിസയിൽ പോയവർക്കും ആനുകൂല്യം നൽകി.<br>Written By: G.Ambili (Senior Grade Auditor, On 18-03-2022)<br>Last Updated By: Santhosh N (Computer Assistant, On 04-07-2022) | 1-9 |
| 11 | സൗരോർജ്ജ പ്ലാന്റ് നിർമ്മാണം ആരംഭിച്ചില്ല<br>Written By: Sunilkumar.U.S (Auditor, On 19-03-2022)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-10 |
| 12 | മെറിറ്റോറിയസ് സ്കോളർഷിപ്പ് - രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: G.Ambili (Senior Grade Auditor, On 18-03-2022)<br>Last Updated By: Santhosh N (Computer Assistant, On 04-07-2022) | 1-11 |
| 13 | ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Sunilkumar.U.S (Auditor, On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 04-07-2022) | 1-12 |
| 14 | ഐ.എ.വൈ. വായ്പയുടെ പലിശയും മുതലും തിരിച്ചടവ് -മാർഗനിർദ്ദേശങ്ങളുടെ ലംഘനം മൂലം പഞ്ചായത്തിന് നഷ്ടം.<br>Written By: A.Sasijosh (Audit Officer, On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-13 |
| 15 | സംരംഭങ്ങൾക്കുള്ള വായ്പ-സബ്സിഡിത്തുക പരിഗണിയ്ക്കാതെ പലിശ ഈടാക്കുന്നു.<br>Written By: A.Sasijosh (Audit Officer, On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 04-07-2022) | 1-14 |
| 16 | പാലിന് സബ്സിഡി-വാർഷിക പരിധിയിൽ അധികമായി ആനുകൂല്യം | 1-15 |

| | | |
|---|---|---|
| | നൽകി<br>Written By: A.Sasijosh (Audit Officer, On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | |
| 17 | ജീവിത ശൈലി രോഗനിയന്ത്രണ പരിപാടി-അനുമതി രേഖകൾ ഹാജരാക്കിയില്ല<br>Written By: Sunilkumar.U.S (Auditor, On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-16 |
| 18 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല<br>Written By: Sunilkumar.U.S (Auditor, On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-17 |
| 19 | റിവോൾവിംഗ് ഫണ്ട് റീക്യപ്മെന്റ് ബാങ്ക് അക്കൗണ്ട് മോണിറ്ററിംഗ് സംവിധാനം ഇല്ല.<br>Written By: Ranjith Kumar G (Audit Officer (HG), On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 04-07-2022) | 1-18 |
| 20 | എക്സ്ട്രാ ഇനത്തിന് ടെൻഡർ കുറവ് വരുത്തിയില്ല-അധിക ചെലവ് - 12,013/-രൂപ<br>Written By: Ranjith Kumar G (Audit Officer (HG), On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 04-07-2022) | 1-19 |
| 21 | കാലി ബാരലിന്റെ വില ഈടാക്കിയില്ല<br>Written By: Ranjith Kumar G (Audit Officer (HG), On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-20 |
| 22 | ഈ-ടെൻഡർ വില ലഭ്യമായില്ല<br>Written By: Ranjith Kumar G (Audit Officer (HG), On 21-03-2022)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-21 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | എക്സ്ട്രാ ഇനത്തിന് ടെൻഡർ കുറവ് വരുത്തിയില്ല-അധികചെലവ് നിരാകരിക്കുന്നു 12,013/-രൂപ<br>Written By: Ranjith Kumar G (Audit Officer (HG), On 04-06-2022)<br>Last Updated By: Santhosh N (Computer Assistant, On 04-07-2022) | 3-1 |
| 2 | കാലി ബാരലിന്റെ വില ഈടാക്കിയില്ല-അധികചെലവ്-9,268രൂപ നിരാകരിക്കുന്നു<br>Written By: Ranjith Kumar G (Audit Officer (HG), On 04-06-2022)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 3-2 |
| 3 | വിദേശ തൊഴിൽ നേടുന്ന യുവാക്കൾക്ക് ധനസഹായം നൽകൽ-സന്ദർശക വിസയിൽ പോയവർക്കും ആനുകൂല്യം നൽകി.<br>Written By: Santhosh N (Computer Assistant, On 24-06-2022)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 3-3 |
| 4 | പാലിന് സബ്സിഡി-വാർഷിക പരിധിയിൽ അധികമായി ആനുകൂല്യം നൽകി<br>Written By: Santhosh N (Computer Assistant, On 24-06-2022)<br>Last Updated By: Santhosh N (Computer Assistant, On 04-07-2022) | 3-4 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sunilkumar.U.S (Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 04-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sunilkumar.U.S (Auditor, On 12-03-2022) | 4-2 |

| | | |
|---|---|---|
| | Last Updated By: Santhosh N (Computer Assistant, On 24-06-2022) | |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sunilkumar.U.S (Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 24-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sunilkumar.U.S (Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 24-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sunilkumar.U.S (Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 24-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sunilkumar.U.S (Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 24-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sunilkumar.U.S (Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 24-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sunilkumar.U.S (Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 04-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sunilkumar.U.S (Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 24-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sunilkumar.U.S (Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 04-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sunilkumar.U.S (Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 30.03.2020-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 48,27,63,170/-രൂപ വരവും 48,22,38,170/-രൂപ ചെലവും 5,25,000/-രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബജറ്റാണ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളത്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 12.07.2021 |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1. മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്ന് ഉറവിടത്തിൽ കുറവ് ചെയ്ത 56,195/-രൂപ ജി.ഓ. പ്രോജക്ട് ആയി സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

2. Liability In Respect Of Stale Cheque ആയി രേഖപ്പെടുത്തിയിരിക്കുന്ന 22,382/-രൂപയുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

3. മറ്റുള്ളവ എന്ന ഹെഡിൽ പ്രോജക്ട് നമ്പർ 71/21 പ്രകാരം 2,80,035/- രൂപ ചെലവ് ഉണ്ട്. എന്നാൽ ആയത് ഏതിനത്തിൽ ഉള്ള തുകയാണ് എന്ന വാർഷിക കണക്കുകളിലെ ലയബിലിറ്റി ഹെഡിൽ ചേർത്തിട്ടില്ല.

4. എം.ജി.എൻ.ആർ.ഇ.ജി.എസ്സിനുവേണ്ടിയുള്ള ബാങ്ക് അക്കൗണ്ട് വാർഷികകണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

5. Poverty Allivation Admin Fund, MLASDF എന്നിവയ്ക്ക് വേണ്ടിയുള്ള അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുക തനതു ഫണ്ടിൽ നിക്ഷേപിച്ചുവെങ്കിലും ആയത് ബ്ലോക്ക് പഞ്ചായത്തിന്റെ ലയബിലിറ്റി ആയി ചേർത്തിട്ടില്ല.

6. വാർഷികകണക്കുകൾ പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ ഉള്ള ചെലവ് സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

7. സംയുക്ത പ്രോജക്ടിനു വന്ന വരവുകളിൽ ആകെ 47,39,342/-രൂപ ചെലവു ഉണ്ട്. എന്നാൽ ആയതിന്റെ ചെലവ് വിവരങ്ങൾ സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,59,32,012/-രൂപ |
| വരവ് | 7,21,44,398/-രൂപ |
| ആകെ | 9,80,76,410/-രൂപ |
| ചെലവ് | 9,56,96,075/-രൂപ |
| നീക്കിയിരിപ്പ് | 23,80,335/-രൂപ |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം/അംഗീകരിക്കാത്ത തുക | 1,71,019/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19,36,538/-രൂപ |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി. (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | സി.ബി. (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 3,15,10,381/- | 3,15,10,381/- | 3,15,08,964/- | |
| വികസന ഫണ്ട്-എസ്.സി.പി. | | 1,91,17,251/- | 1,91,17,251/- | 1,62,73,868/- | |
| മെയിന്റനൻസ്, നോൺ-റോഡ് | | 55,56,000/- | 55,56,000/- | 54,94,412/- | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | | 59,20,000/- | 59,20,000/- | 35,41,526/- | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | | 59,20,000/- | 59,20,000/- | 54,00,030/- | |
| M.P. L.A.D | 3,23,765/- | 9,840/- | 3,33,605/- | - | 3,33,605/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| TSC | 2,72,853/- | 93,122/- | 3,65,975/- | 84,668/- | 2,81,307/- |
| കേരളോൽസവം | 17,663/- | - | 17,663/- | - | 17,663/- |
| I.A.Y S.C.P. | 1,00,000/- | - | 1,00,000/- | - | 1,00,000/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 137 | 8,37,87,230/- | 106 | 6,37,48,981/- | 6 | 25 | 81 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.03.2022 12.08 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തിയെങ്കിലും നീക്കിയിരിപ്പ് തുക ഇല്ലായിരുന്നു.

## 1-7 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനവൽ പാർട്ട് 1 അനുബന്ധം ബി)

ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ ക്ഷേമചുമതലകളും സാമ്പത്തിക വികസന പ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നിർവഹണം നടത്തുന്നതിന് ഉതകുന്ന ഭരണ സംവിധാനം പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തിക വർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബജറ്റ് പ്രകാരമുള്ള ചെലവുകളിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച വാർഷികപദ്ധതി പ്രകാരമുള്ള ചെലവുകൾ കൂടി സംയോജിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന് ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി ഭരണനിർവഹണം സാദ്ധ്യമാക്കുന്നതിന് മാർഗനിർദ്ദേശങ്ങൾക്കനുസൃതമായ നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കുവാൻ

ഭരണനിർവഹണാധികാരികൾ പരിശ്രമിച്ചിട്ടുണ്ടെങ്കിലും ധനാഗമവിനിയോഗ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുന്നതിലേയും പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിലേയും ജാഗ്രതക്കുറവ് പ്രകടമാണ്. വികസന പ്രവർത്തനങ്ങൾക്കായും ആസ്തികളുടെ പരിപാലനത്തിനുമായി ലഭ്യമായ ഫണ്ടുകൾ വാർഷിക പദ്ധതി നിർവഹണ പ്രവർത്തനങ്ങളിലൂടെ ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം ലഭിച്ച സർക്കാർ ഗ്രാന്റുകളുടെ വിനിയോഗത്തിന്റെയും സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ നീക്കിയിരിപ്പിന്റെയും കൃത്യമായ കണക്കുകൾ അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

പ്രോജക്ട് നടത്തിപ്പുകളിൽ തുടർ മോണിട്ടറിംഗ് സംവിധാനം ഇല്ല. റിവോൾവിംഗ് ഫണ്ട് റിക്യുപ്മെന്റ് അക്കൗണ്ടുകൾക്ക് തുടർ നിരീക്ഷണം ഇല്ല. ഫണ്ടുകൾ വിനിയോഗിച്ച പുതിയ ഗ്രൂപ്പുകൾക്ക് സഹായം നൽകുന്നില്ല. ഐ.എ.വൈ. ലോൺ പലിശ ഒടുക്കിൽ സർക്കാർ മാനദണ്ഡം പാലിക്കാത്തതിനാൽ വൻ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നു. (ഖ.1-13) സംരംഭകർക്കുള്ള വായ്പകൾക്ക് സർക്കാർ സബ്സിഡി തുകയും ബാങ്കുകൾ പലിശ ഈടാക്കുന്നത് നിരീക്ഷിക്കുന്നില്ല.

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.10.2020-23.10.2020 | 2019-20 | 13.01.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.03.2017-03.04.2017 | 2011-12 - 2015-16 | 11.05.2017 |

1-9 വിദേശ തൊഴിൽ നേടുന്ന യുവാക്കൾക്ക് ധനസഹായം നൽകൽ-സന്ദർശക വിസയിൽ പോയവർക്കും ആനുകൂല്യം നൽകി.

പ്രോജക്ട് നമ്പർ – 57/21.
പ്രോജക്ട് – വിദേശ തൊഴിൽ നേടുന്ന യുവാക്കൾക്ക് ധനസഹായം നൽകൽ.
നിർവഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ.
അടങ്കൽ -6,00,000/-രൂപ.
ചെലവ് 4,00,000/-രൂപ.
ബിൽ നമ്പർ CB 4/20-21/1,00,000/-രൂപ.
ബിൽ നമ്പർ CB 17/20-21/31-12-20-1,00,000/-രൂപ.
ബിൽ നമ്പർ CB 28/20-21/16-3-21/2,00,000/-രൂപ.

തൊഴിൽ വിസയും ടിക്കറ്റും ഹാജരാക്കുമ്പോൾ ധനസഹായമായി ഒരു ലക്ഷം രൂപ നൽകുന്ന പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയ സിമി പി. ഹാജരാക്കിയിരിക്കുന്ന എൻട്രി വിസ പ്രകാരം (കാലാവധി തൊണ്ണൂറ് ദിവസം ആണ്) വിസിറ്റിംഗ് വിസയിൽ വിദേശത്ത് പോയ വ്യക്തിയ്ക്ക് ആനുകൂല്യം നൽകിയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,00,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

നിരാകരിച്ച തുക - 1,00,000/-രൂപ.
ഓഡിറ്റ് എൻക്വയറി നമ്പർ – 9/19-20/15-3-22.

1-10 സൗരോർജ്ജ പ്ലാന്റ് നിർമ്മാണം ആരംഭിച്ചില്ല

നെടുമൺകാവ് സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ മെയിൻ O.P. ബിൽഡിംഗിന് മുകളിൽ 10 KW ന്റെ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനായി മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥയായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും 6,59,497/-രൂപ വകയിരുത്തിയ പദ്ധതിക്കായി 6,05,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. 10 KW ന്റെ ഓൺ ഗ്രിഡ് പവർപ്ലാന്റ് സ്ഥാപിക്കുന്നതിനായി അനർട്ട് സമർപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയിട്ടുള്ളത്.

| Sl No | Description | Capacity | Amount(₹) | Bill No/date |
|---|---|---|---|---|
| 1 | Estimate For The Supply, Installation Of Photovoltaic Power Plant(on Grid) | 10 Kw | 5,50,000/- | Bill No 44/31.03.2021 |
| 2 | Administrative Expence | | 55,000/- | |
| | Total | | 6,05,000/- | |

സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി ചാർജ്ജിനത്തിലുള്ള ഭീമമായ തുക കുറയ്ക്കുന്നതിന് വേണ്ടിയാണ് പദ്ധതി ആവിഷ്കരിച്ചതെങ്കിലും, തുക കൈമാറി ഒരു സാമ്പത്തിക വർഷം പിന്നിട്ടിട്ടും പ്ലാന്റ് സ്ഥാപിച്ചിട്ടില്ല. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പോലും ആരംഭിച്ചിട്ടില്ല. അനർട്ടുമായി കരാർ ചമക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്. സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 25.09.2021-ൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ കത്തിന് 18.11.2021-ൽ വർക്ക് ഓർഡർ നൽകിയെന്നും 2 ആഴ്ച്ചക്കകം പണി ആരംഭിക്കുന്നതാണെന്നും അനർട്ട് ഡയറക്ടർ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വേളയിലും പണി ആരംഭിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 6,05,000/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. നിർമ്മാണം പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. അനർട്ടുമായി കരാർ വച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.

1-11 മെറിറ്റോറിയസ് സ്കോളർഷിപ്പ് - രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ – 14/21.

പ്രോജക്ട് – മെറിറ്റോറിയസ് സ്കോളർഷിപ്പ്.

നിർവഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ.

അടങ്കൽ – 10,00,000/-രൂപ (വികസനഫണ്ട് എസ്.സി.പി.).

ചെലവ് - 10,00,000/-രൂപ.

| ബിൽ നം./തീയതി | തുക (₹) |
|---|---|
| 2/11.09.2020 | 2,10,000/- |
| 8/05.10.2020 | 1,30,000/- |
| 10/22.10.2020 | 1,15,000/- |
| 15/30.12.2020 | 3,35,000/- |
| 20/06.02.2021 | 1,80,000/- |
| 23/18.02.2021 | 30,000/- |

പ്രസ്തുത പ്രോജക്ട് പ്രകാരം ആനുകൂല്യം കൈപ്പറ്റിയ അതുല്യ പ്രസാദ് എന്ന വിദ്യാർത്ഥിയുടെ കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ദീപുമോൻ, മഞ്ജു. എം. എന്നീ വിദ്യാർത്ഥികൾക്ക് പഠനകാലയളവ് കഴിഞ്ഞതിനു ശേഷമാണ് സ്കോളർഷിപ്പ് നൽകിയത്. ആയതിന് വിശദീകരണം

ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 45,000/-(15000x3) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 45,000/-രൂപ.

ഓഡിറ്റ് എൻക്വയറി നമ്പർ – 9/19-20/15-3-22.

1-12 ചെലവ് രേഖകൾ ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 20-21 സാമ്പത്തിക വർഷം നടപ്പാക്കിയ പ്രോജക്റ്റ് നം 35, 40 എന്നീ പദ്ധതികളുടെ ചുവടെ പറയും പ്രകാരമുള്ള ബിൽ പ്രകാരം ചെലവഴിച്ച തുകകളുടെ വൗച്ചറുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| പ്രോജക്റ്റ് നം | ബിൽ നമ്പർ | ചെലവഴിച്ച തുക (₹) |
|---|---|---|
| 40/20-21<br>സി.എച്ച്.സി. വെള്ളക്കരം, വൈദ്യുതി, ഫ്യുവൽ ചാർജ്ജ് | 31/19.01.21 | 50430/- |
| | 39/23.03.21 | 76823/- |
| | 13/17.08.2020 | 89482/- |
| | 09/21.07.2020 | 29803/- |
| 35/20-21<br>ജീവിതശൈലി രോഗനിയന്ത്രണ പരിപാടി | 48/31.03.21 | 13000/- |
| | 43/31.03.21 | 42000/- |
| | (Non-road) | 43200/- |
| | (Own Fund) | 155600/- |
| | (Own Fund) | 36200/- |
| ആകെ | | 5,36,538/-രൂപ |

ചെലവ് രേഖകൾ ഹാജരാക്കാത്ത പക്ഷം കേരള പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് ചട്ടങ്ങൾ 12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകുവാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖകളോ കണക്കോ നിലവിലില്ല എന്ന കരുതി ചെലവ് തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതും തുക ഈടാക്കുന്നതിന് കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം അനുശാസിക്കുന്ന തുടർനടപടി സ്വീകരിക്കുന്നതാണ്.

തടസ്സപ്പെടുത്തുന്ന തുക – 5,36,538/-രൂപ .
ഓഡിറ്റ് അന്വേഷണക്കുറിപ്പ് – 7/14.03.2022 .

1-13 ഐ.എ.വൈ. വായ്പയുടെ പലിശയും മുതലും തിരിച്ചടവ് -മാർഗനിർദ്ദേശങ്ങളുടെ ലംഘനം മൂലം പഞ്ചായത്തിന് നഷ്ടം.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20, 2020-21 വർഷങ്ങളിൽ നടപ്പിലാക്കിയ ഐ.എ.വൈ. കോ-ഓപറേറ്റീവ് ബാങ്കിലേയ്ക്കുള്ള പലിശയും മുതലും തിരിച്ചടവ് പ്രോജക്ടുകൾ പ്രകാരം (പ്രോജക്റ്റ് 12/20 & 6/21) യഥാക്രമം 12,50,215/-രൂപയും 5,00,000/-രൂപയും നെടുവത്തൂർ സർവ്വീസ് സഹകരണ ബാങ്കിൽ ഒടുക്ക വരുത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ബിൽനം./തീയതി | തുക (₹) |
|---|---|---|
| 2019-20 | 7/16.07.19 | 736,200/- |
| | 50/16.03.20 | 1,39,144/- |
| | 51/16.03.20 | 3,74,871/- |
| 2020-21 | 04/24.06.20 | 5,00,000/- |

ഐ.എ.വൈ. ആവശ്യത്തിലേയ്ക്ക് ലോൺ എടുക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ സ.ഉ.(എം.എസ്)നം.90/13.ത.സ്വ.ഭ.വ. തീ. 14-03-2013 പ്രകാരം സർക്കാർ അനുവദിക്കുകയും വായ്പാത്തുക ബ്ലോക്ക് പഞ്ചായത്തുകൾ പ്ലാൻ ഫണ്ടിൽ നിന്നും തിരിച്ചടയ്ക്കണമെന്നും 11.25% വരെയുള്ള പലിശ സർക്കാർ വഹിക്കുന്നതാണെന്നും സ.ഉ.(കൈ)193/13.ത.സ്വ.ഭ.വ. തീ. 24-05-2013 ഉത്തരവിൽ വ്യക്തമാക്കുകയും ചെയ്തതിനെ ആധാരമാക്കി കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന് 1,13,31,248/-രൂപയുടെ വായ്പ നെടുവത്തൂർ സർവ്വീസ് സഹകരണ ബാങ്ക് 12% പലിശ നിരക്കിൽ അനുവദിക്കുകയും, ഇതിൽ 1,07,20,488/- രൂപ വായ്പയായി സ്വീകരിക്കുകയും ചെയ്തു. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വായ്പാത്തുകയും .75% നിരക്കിൽ മാത്രം പലിശയും ഗഡുക്കളായി ഈടാക്കുന്നതിനു പകരം 12% നിരക്കിലാണ് ബാങ്ക് പലിശ ഈടാക്കിയിരിയ്ക്കുന്നത്. 2018-19 സാമ്പത്തിക വർഷം വരെ ഒടുക്കുവരുത്തിയ 59,50,610/-രൂപയിൽ 18,05,000/-രൂപ മുതൽ ഇനത്തിലും 41,45,610/-രൂപ പലിശ ഇനത്തിലുമാണ് കുറവു വരുത്തിയിരിയ്ക്കുന്നത്. 2019-20, 2020-21 വർഷങ്ങളിൽ ഒടുക്കുവരുത്തിയ മുഴുവൻ തുകയും പലിശയിനത്തിലാണ് കുറവു വരുത്തിയിരിയ്ക്കുന്നത്.

സഹകരണ ബാങ്ക് 12% പലിശ നിരക്കിൽ അനുവദിച്ച വായ്പയുടെ പലിശ ഇനത്തിൽ സർക്കാർ ഒടുക്കേണ്ട 11.25% ഒഴികെയുള്ള .75% പലിശ ഒടുക്കുന്നതിന് മാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് ബാദ്ധ്യസ്ഥമായിരിക്കുന്നത് എന്നിരിയ്ക്കെ അധിക നിരക്കിൽ പലിശ ഈടാക്കിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി അധിക നിരക്കിൽ പലിശ ഈടാക്കിയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരം സാധൂകരിയ്ക്കുന്ന രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണെന്ന് വ്യക്തമാക്കി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് മുതലും പലിശയും സർക്കാർ ഉത്തരവ് പ്രകാരം ക്രമീകരിയ്ക്കുന്നതിന് ബാങ്ക് സെക്രട്ടറിയ്ക്ക് കത്ത് നൽകുകയും 11.25% അനുവദിയ്ക്കുന്നതിന് പ്രോജക്ട് ഡയറക്ടർ മുഖേന സർക്കാരിലേയ്ക്ക് അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ടെന്നും 10.03.22ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം മുതലിനത്തിൽ 1,07,20,488/-രൂപ പലിശയിനത്തിൽ 6,67,189/-രൂപയും ചേർത്ത് ആകെ 1,13,87,677/-രൂപ ഒടുക്കാനുള്ളതിൽ 82,00,375/-രൂപ മാത്രമാണ് തിരികെ ഒടുക്കിയിട്ടുള്ളതെന്നും ബാങ്കിന് വന്ന പിശക് അവരെ ബോദ്ധ്യപ്പെടുത്തി ഇനി അടയ്ക്കാനുള്ള തുകയ്ക്ക് മാത്രം പ്രോജക്ട് വകയിരുത്തി തുക ഒടുക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഐ.എ.വൈ. പദ്ധതിയ്ക്കായി ലഭ്യമായ വായ്പയ്ക്ക് .75% ഓരോ വർഷവും ഒടുക്കേണ്ട തുക ബാങ്കിൽ നിന്ന് നിർണയിച്ച് ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പലിശയും മുതലും ഒടുക്കുവരുത്തുന്നതിൽ ബ്ലോക്ക് പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് 2019-20, 2020-21 വർഷങ്ങളിൽ ഒടുക്കു വരുത്തിയ മുഴുവൻ തുകയും പലിശയിനത്തിൽ കുറവു വരുത്തിയിരിയ്ക്കുന്നതിൽ നിന്നു തന്നെ വ്യക്തമാണ്. പലിശ ഈടാക്കലിലെ ക്രമരാഹിത്യത്തിന്മേൽ യഥാസമയം നടപടി സ്വീകരിച്ചിട്ടുമില്ല. വായ്പാതിരിച്ചടവ് ബാങ്കുമായുള്ള കരാർ വ്യവസ്ഥയ്ക്കനുസൃതമായും 11.25% പലിശയിന്മേൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായും തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 8/14.03.2022 .

### 1-14 സംരംഭങ്ങൾക്കുള്ള വായ്പ-സബ്സിഡിത്തുക പരിഗണിയ്ക്കാതെ പലിശ ഈടാക്കുന്നു.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ മുഖേന ബാങ്ക് വായ്പാബന്ധിതമായി സംരംഭങ്ങളിൽ ഏർപ്പെടുന്ന ഗുണഭോക്താക്കൾക്കുള്ള സബ്സിഡിത്തുക വായ്പ അനുവദിയ്ക്കുന്ന

ബാങ്കുകളിലേയ്ക്ക് മുൻകൂറായി ഒടുക്കണമെന്നും ബാങ്കുകൾ മുഴുവൻ വായ്പാത്തുകയും സബ്സിഡിത്തുക ഒഴികെയുള്ള വായ്പാത്തുകയ്ക്ക് മാത്രം പലിശയും ഗഡുക്കളായി ഈടാക്കണമെന്നും പ്രസ്തുത ഒടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് സബ്സിഡിത്തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നൽകണമെന്നുമുള്ള മാർഗനിർദ്ദേശങ്ങൾ നിലനിൽക്കെ ആയതിനു വിരുദ്ധമായി മുഴുവൻ വായ്പാത്തുകയ്ക്കും പലിശ ഈടാക്കുന്നു.

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണോദ്യോഗസ്ഥയായി പൊതുവിഭാഗം വികസന ഫണ്ടും ബാങ്ക് വായ്പയും വകയിരുത്തി നടപ്പിലാക്കിയ ഗ്രൂപ്പിന് പശു വിതരണം (പ്രോ.നം. 131/21) എന്ന പ്രോജക്ടിലൂടെ ബാങ്ക് വായ്പാബന്ധിതമായി പശുവളർത്തൽ സംരംഭങ്ങളിൽ ഏർപ്പെട്ട വിവിധ ഗ്രൂപ്പുകൾക്കുള്ള സബ്സിഡിത്തുകയായി 1,25,000/-രൂപ വീതം ബാങ്കുകളിലേയ്ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം/പേര് | ബിൽ നം. | തുക (രൂപ) |
|---|---|---|
| 131/21- ഗ്രൂപ്പിന് പശു വിതരണം. | 12/21.04.20 | 1,25,000/- |
| | 13/21.04.20 | 1,25,000/- |
| | 14/21.04.20 | 1,25,000/- |
| | 15/21.04.20 | 2,50,000/- |
| | 16/21.04.20 | 1,25,000/- |

സബ്സിഡിത്തുക മുൻകൂറായി നൽകിയെങ്കിലും ബാങ്കുകൾ മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മുഴുവൻ വായ്പാത്തുകയ്ക്കും പലിശ ഈടാക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പ ലഭ്യമായ ഗ്രൂപ്പ് | സബ്സിഡി തുക/ ബിൽ നം./ തീയതി | വായ്പ അനുവദിച്ച ബാങ്ക് | വായ്പാത്തുക (₹) | പലിശ നിരക്ക് | പ്രതിമാസ തിരിച്ചടവ് തുക/ കാലാവധി |
|---|---|---|---|---|---|
| വികാസ് ആക്ടിവിറ്റി ഗ്രൂപ്പ് പൂയപ്പള്ളി | 1,25,000/-രൂപ 12/21.04.20 | പൂയപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് | 2,50,000/- | 9% | 8,819/-രൂപ 3 വർഷം |
| കൈരളി ആക്ടിവിറ്റി ഗ്രൂപ്പ് പൂയപ്പള്ളി | 1,25,000/-രൂപ 13/21.04.20 | പൂയപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് | 2,50,000/- | 9% | 8,819/-രൂപ 3 വർഷം |
| തംബുരു ആക്ടിവിറ്റി ഗ്രൂപ്പ് പൂയപ്പള്ളി | 1,25,000/-രൂപ 16/21.04.20 | പൂയപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് | 2,50,000/- | 9% | 8,819/-രൂപ 3 വർഷം |

ഗ്രൂപ്പിന് പശു വിതരണം എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി 2019-20ൽ 8 ഗ്രൂപ്പുകൾക്കും 2020-21ൽ 7 ഗ്രൂപ്പുകൾക്കും (പ്രോ.നം. 82/20, 100/20 & 131/21) സുഭിക്ഷകേരളം-വനിതകൾക്ക് പശുവളർത്തൽ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി 2020-21ൽ 12 വ്യക്തികൾക്കും വായ്പ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത വായ്പകളുടെ തിരിച്ചടവ് മാർഗനിർദ്ദേശങ്ങൾങ്ങൾക്കനുസൃതമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധമായി രേഖാമൂലമുള്ള വിശദീകരണം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണെന്ന് വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി (10/15.03.2022) നൽകിയെങ്കിലും ആയതിന് മറുപടി നൽകിയിട്ടില്ല. സബ്സിഡിത്തുക പരിഗണിയ്ക്കാതെ മുഴുവൻ വായ്പാത്തുകയ്ക്കും പലിശ ഈടാക്കുന്നതായി വ്യക്തമാകുന്ന സാഹചര്യത്തിൽ സബ്സിഡിത്തുകയായി ബാങ്കുകളിലേയ്ക്ക് മുൻകൂറായി ഒടുക്കിയ 7,50,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു. സബ്സിഡിത്തുക ഒഴികെയുള്ള തുകയ്ക്ക് മാത്രം പലിശ ഈടാക്കുന്ന വിധത്തിൽ വായ്പകളുടെ തിരിച്ചടവ് മാർഗനിർദ്ദേശങ്ങൾങ്ങൾക്കനുസൃതമാക്കിയെന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കി തടസം തീർപ്പാക്കേണ്ടതാണ്.

1-15 പാലിന് സബ്സിഡി-വാർഷിക പരിധിയിൽ അധികമായി ആനുകൂല്യം നൽകി

പാലിന് സബ്സിഡിയിനത്തിൽ ഒരു കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 40,000/-രൂപയാണെന്ന മാർഗനിർദ്ദേശമുണ്ടായിരിക്കെ വാർഷിക പരിധിയിൽ അധികമായി ആനുകൂല്യം നൽകി.

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പാലിന് സബ്സിഡി എന്ന പ്രോജക്ടും (നം. 73/20-21) ഗ്രാമ പഞ്ചായത്തുകൾ നടപ്പാലാക്കിയ സമാന പ്രോജക്ടുകളും വഴി ക്ഷീരകർഷകർക്ക് 2020-21 വർഷത്തിൽ 40,000/- രൂപയിൽ അധികമായി ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം | അനുവദിച്ച സബ്സിഡി (₹) | UTR NO | സബ്സിഡി അനുവദിച്ച തദ്ദേശ സ്ഥാപനം | അധികമായി അനുവദിച്ച സബ്സിഡി (₹) |
|---|---|---|---|---|
| മിനിമോൾ കാർത്തിക ഭവൻ നെടുവത്തൂർ | 10,900/- | U000000826825122 | കൊട്ടാരക്കര ബ്ലോ.പ. | 26,748/- |
| | 29,100/- | U000000805249168 | നെടുവത്തൂർ ഗ്രാ.പ. | |
| | 404/- | U000000811718504 | നെടുവത്തൂർ ഗ്രാ.പ. | |
| | 18,636/- | U000000784721882 | നെടുവത്തൂർ ഗ്രാ.പ. | |
| | 5,372/- | U000000784722142 | നെടുവത്തൂർ ഗ്രാ.പ. | |
| | 2,336/- | U000000784722392 | നെടുവത്തൂർ ഗ്രാ.പ. | |
| അരുൺ വിദ്യാധരൻ നാരായണി നിവാസ് എഴുകോൺ | 11,972/- | U000000786250462 | എഴുകോൺ ഗ്രാ.പ. | 13,477/- |
| | 16,680/- | U000000786250732 | എഴുകോൺ ഗ്രാ.പ. | |
| | 1,077/- | U000000855938612 | എഴുകോൺ ഗ്രാ.പ. | |
| | 10,120/- | U000000807823356 | എഴുകോൺ ഗ്രാ.പ. | |
| | 5/-108/- | U000000812589360 | എഴുകോൺ ഗ്രാ.പ. | |
| | 8,520/- | U000000823120232 | കൊട്ടാരക്കര ബ്ലോ.പ. | |
| കൃഷ്ണകുമാരി, മംഗലത്ത് വീട് കരീപ്ര | 6,665/- | U000000812589604 | കരീപ്ര ഗ്രാ.പ. | 9,513/- |
| | 9,034/- | U000000817658430 | കരീപ്ര ഗ്രാ.പ. | |
| | 17,309/- | Null 20040252026 700688663 (Bill Id) | കരീപ്ര ഗ്രാ.പ. | |
| | 465/- | U000000786250840 | കരീപ്ര ഗ്രാ.പ. | |
| | 3,750 | U000000786250936 | കരീപ്ര ഗ്രാ.പ. | |
| | 12,290/- | U000000852428852 | കൊട്ടാരക്കര ബ്ലോ.പ. | |

നം. സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ. തീയതി.14.2.2018 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖ.6.2.8 പ്രകാരം പാലിന് സബ്സിഡിയിനത്തിൽ ഒരു കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 40,000/- രൂപയാണെന്നും സംയുക്തമായോ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് മാത്രമായോ പദ്ധതി നടപ്പിലാക്കാം എന്ന് വ്യക്തമാക്കിയിരിക്കെ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പാലിന് സബ്സിഡി എന്ന പ്രോജക്ടിലൂടെയും (നം.73/20-21) ഗ്രാമ പഞ്ചായത്തുകൾ നടപ്പാലാക്കിയ സമാന പ്രോജക്ടുകളിലൂടെയും പ്രസ്തുത പരിധി പാലിക്കാതെ 2020-21 വർഷത്തിൽ 40,000/- രൂപയിൽ അധികമായി ആനുകൂല്യം

നൽകിയിരിക്കുന്നത്. ആയതിന്മേൽ രേഖാമൂലമുള്ള വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/15.03.2022) മറുപടി നൽകിയിട്ടില്ല.

സബ്സിഡിയിനത്തിൽ അധികമായി ചെലവഴിച്ച 49,738/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.
നിരാകരിച്ച തുക – 49,738/-രൂപ .

1-16 ജീവിത ശൈലി രോഗനിയന്ത്രണ പരിപാടി-അനുമതി രേഖകൾ ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ "ജീവിത ശൈലി രോഗനിയന്ത്രണ പരിപാടി" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതിക്കായി ആകെ 47,17,563/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | സാമ്പത്തിക വർഷം | പ്രോജക്ടിന്റെ പേര് / നം. | വകയിരുത്തിയ തുക (₹) | ചെലവഴിച്ച തുക (₹) |
|---|---|---|---|---|
| 1 | 2019-20 | ജീവിതശൈലി രോഗ നിയന്ത്രണ പരിപാടി (45/19-20) | 23,00,000/-(വികസന ഫണ്ട്)<br>1,50,000/-(തനത് ഫണ്ട്) | 2264915/-<br>(വികസന ഫണ്ട്- 21,14,915/-)<br>(തനത് ഫണ്ട്-1,50,000/- ) |
| 2 | 2020-21 | ജീവിതശൈലി രോഗ നിയന്ത്രണ പരിപാടി (35/20-21) | 24,53,000/-<br>( വികസന ഫണ്ട്- 17,51,648/-<br>തനത് ഫണ്ട്- 4,37,000/-<br>മെയിന്റനൻസ് ഫണ്ട് റോഡിതരം- 2,56,000/-) | 2452648/-<br>(വികസന ഫണ്ട്- 17,59,648/-<br>തനത് ഫണ്ട്- 4,37,000/-<br>മെയിന്റനൻസ് ഫണ്ട് റോഡിതരം- 2,56,000/-) |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 5 ഗ്രാമപ്പഞ്ചായത്തുകളുടെ 19 സബ്സെന്ററുകളിൽ മാസത്തിൽ 19 ദിവസം രാവിലെ 8 മണി മുതൽ വൈകിട്ട് 4 മണി വരെ ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും സേവനം ലഭ്യമാക്കുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള 2 ഡോക്ടർമാരുടെയും 2 സ്റ്റാഫ് നഴ്സിന്റെയും 1 ഫാർമ്മസിസ്റ്റിന്റെയും വേതനം ഇനത്തിലും, വാഹന വാടകയിനത്തിലുമാണ് തുക ചെലവഴിച്ചിട്ടുള്ളത്. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ അടിസ്ഥാന ഉത്തരവായ സ.ഉ(കൈ)നം. 11/2018 ത.സ്വ.ഭ.വ തീ. 29.01.2018 ലെ ഖണ്ഡിക 7.7.1(4) പ്രകാരം ജീവിതശൈലി രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കണമെന്നിരിക്കെ ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത പദ്ധതി ഏറ്റെടുത്തത് ക്രമവിരുദ്ധമാണ്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഉച്ചകഴിഞ്ഞ് ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനാണ് ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകിയത്. ഇപ്രകാരം നിയമിക്കപ്പെടുന്നവരെ ഫീൽഡ് തല പ്രവർത്തനത്തിനും, ഉപകേന്ദ്ര സേവനത്തിനും ആവശ്യമെങ്കിൽ നിയോഗിക്കാമെന്നുമാണ് ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ സേവനം പൂർണ്ണമായും സബ്സെന്റർ പ്രവർത്തനത്തിനായി വിനിയോഗിക്കുകയാണ് ചെയ്യുന്നത്. 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം പരാമർശിച്ചെങ്കിലും ഇതുവരെ യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയത് സർക്കാരിന്റെ പ്രത്യേക അനുമതിയോടെ ആണെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

1-17 മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

പ്രോജക്ട് നം. – 31/20-21.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.

അടങ്കൽ തുക – 8,50,000/-രൂപ.

(ധനകാര്യ കമ്മീഷൻ ഗ്രാന്റ് – 1,00,000/-രൂപ,

മെയിന്റനൻസ് ഫണ്ട് റോഡിതരം – 7,50,000/-രൂപ).

ചെലവഴിച്ച തുക – 8,50,000/-രൂപ.

2020-21 സാമ്പത്തിക വർഷം സി.എച്ച്.സി. യിലേക്ക് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 17/28.08.2020-ാം നമ്പർ ബിൽ പ്രകാരം 7,50,000/-രൂപ കൈമാറിയിട്ടുണ്ട്. 6,07,058/-രൂപയുടെ മരുന്നുകൾ മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളൂ. അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് നിർവ്വഹണഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-18 റിവോൾവിംഗ് ഫണ്ട് റീക്യൂപ്മെന്റ് ബാങ്ക് അക്കൗണ്ട് മോണിറ്ററിംഗ് സംവിധാനം ഇല്ല.

പ്രോജക്ട് നം. 8/21.

സംരംഭകത്വ പ്രോത്സാസാഹനത്തിനു പലിശ സബ്സിഡി (വനിതാ ഗ്രൂപ്പുകൾക്ക് ).

വികസന ഫണ്ട് - 1,60,000/-രൂപ.

ചെലവ് 1,56,329/-രൂപ.

നിർവഹണം - വ്യവസായ വികസന ഓഫീസർ.

2018-19 വർഷത്തിൽ ഗ്രൂപ്പുകൾക്ക് സംരംഭങ്ങൾക്ക് നൽകിയ റിവോൾവിംഗ് ഫണ്ടിനു പലിശ സബ്സിസി നൽകാനുള്ള ഈ പ്രോജക്ട് പ്രകാരം ചുവടെ ചേർക്കുന്ന ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്.

ദീപം കുടുബശ്രീ- 79767/-രൂപ.

മഹാലക്ഷമി -23,874/-രൂപ.

മാതാ ആക്ടിവിറ്റി ഗ്രൂപ്പ് - 52,688/-രൂപ.

ആകെ 1,56,329/-രൂപ.

2018-19 വർഷത്തിൽ നൽകിയ റിവോൾവിംഗ് ഫണ്ടിനു 2019-20 വർഷത്തിൽ ഒടുക്കിയ പലിശയാണ് സബ്സിഡി ആയി നൽകിയത്.

റിവോൾവിങ് ഫണ്ട് നൽകാൻ വ്യവസായ വികസന ഓഫീസറുടെ പേരിൽ ഒരോ അക്കൗണ്ട് എടുത്തിട്ടുണ്ട്. ഈ അക്കൗണ്ടിലേക്ക് പ്ലാൻ ഫണ്ട് മാറ്റി ഈ തുകയും ഗ്രൂപ്പുകൾ ലോണെടുക്കുന്ന തുകയും ചേർത്താണ് സംരംഭങ്ങൾ ആരംഭിക്കുന്നത്.

ലോൺ അക്കൗണ്ടിലേക്ക് ലോണിന്റെ മുതലും പലിശയും, റിവോൾവിംങ് ഫണ്ട് റീക്യൂപ്മെന്റ് അക്കൗണ്ടിലേക്ക് ഫണ്ട് തുക തിരിച്ചടക്കുകയും ചെയ്യുന്നു. ചുവടെ ചേർക്കുന്ന അക്കൗണ്ടുകളാണ് ഇതിനായി നിലവിലുള്ളത്.

1. അക്കൗണ്ട് നം. 2681101018323 - കാനറാ ബാങ്ക് (ദീപം ആക്ടിവിറ്റി ഗ്രൂപ്പിനു വേണ്ടി) 13.5.20-ൽ ബാലൻസ് തുക 51,082/-രൂപ.

2. അക്കൗണ്ട് നം. 1668101003654 - കാനറാ ബാങ്ക് - കൊട്ടാരക്കര മഹാലക്ഷ്മി ഗ്രൂപിനു വേണ്ടി 7/3/20-ൽ 64,395/-രൂപ ബാലൻസ്.

3. അക്കൗണ്ട് നം. 5512101003829 കാനറാ ബാങ്ക് ചീരങ്കാവ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല.

4. പൗരാവലി പുരുഷ സ്വയം സഹായസംഘം (പ്രോജക്ട് നം. 07/21 പ്രകാരമാണ് ഈ ഗ്രൂപ്പിനു പലിശ സബ്സിഡി നൽകിയത്).
5. റീകൃപ്മെന്റ് അക്കൗണ്ട് നം. – 026400100176643-ധനലക്ഷമി ബാങ്ക്-കൊട്ടാരക്കര 30-6-2020 ബാലൻസ് – 2,55,956/-രൂപ.
റിക്കൃപ്മെന്റ് അക്കൗണ്ടുകൾ നിർവഹണോദ്യോഗസ്ഥന്റെ പേരിലുള്ളതും ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ ഉൾപ്പെടാത്തതും ആകുന്നു. ഈ അക്കൗണ്ടുകൾ മോണിറ്റർ ചെയ്യാൻ നിലവിൽ സംവിധാനങ്ങൾ ഒന്നും തന്നെയില്ല.
നിർവഹണോദ്യോഗസ്ഥൻ റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച ഒരു രജിസ്റ്റർ പരിപാലിക്കേണ്ടതും അതിൽ ഓരോ ഗ്രൂപ്പിനും ഫോളിയോ നമ്പർ നൽകി ലോൺ തിരിച്ചടവും, റിവോൾവിംഗ് ഫണ്ട് തിരിച്ചടവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. നിർവഹണോദ്യോഗസ്ഥൻ സ്ഥാനം ഒഴിയുമ്പോൾ മേൽ പറഞ്ഞ രജിസ്റ്ററും, അക്കൗണ്ടുകളും, സംരംഭകരുടെ കണക്കുകളും പാസ് ബുക്കുകളുമായി റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറിയെ ബോധ്യപ്പെടുത്തി ഭരണസമിതിയെ ഏല്പിക്കേണ്ടതാണ്. ലോൺ അക്കൗണ്ട്, റീകൃപ്മെന്റ് അക്കൗണ്ടുകൾ രേഖപ്പടുത്തിയ രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറി നം 5/14/3/22ന് അക്കൗണ്ടുകൾ മോണിറ്ററിംഗ് ചെയ്യുന്നതിനു നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു.

1-19 എക്സ്ട്രാ ഇനത്തിന് ടെൻഡർ കുറവ് വരുത്തിയില്ല-അധിക ചെലവ് - 12,013/-രൂപ

പ്രോജക്റ്റ് നം. – 88/21.
മൂഴിയിൽ പൈങ്ങാമുകൾ കുടിവെള്ള പദ്ധതി.
വികസന ഫണ്ട് – 4,13,988/-രൂപ (എസ്.സി.പി.).
റ്റി എസ് നം. – 47851/20-21.
എഗ്രിമെന്റ് - 27/ AEE / LSGD / KTR / 20-21.
കോൺട്രാക്ടർ – ശ്രീ. സുരേഷ് കുമാർ.
നികുതി കഴിച്ചുള്ള അടങ്കൽ തുക – 4,46,411/-രൂപ (എസ്റ്റിമേറ്റ് പ്രകാരം).
ക്വോട്ട് ചെയ്ത തുക – 3,69,631.94 രൂപ.
ചെലവുതുക - 4,02,289/-രൂപ (ബിൽ നം. 54/31.3.21).
നിർവഹണോദ്യോഗസ്ഥൻ- അസി.എൻജിനീയർ.

ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം 5/2 തീ. 4-11-20 പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തു ഉൾപ്പെടുത്തിയ എക്സ്ട്രാ ഇനം പ്രവൃത്തികൾക്ക് ടെൻഡർ കുറവു (17.19%) വരുത്താത്ത നിരക്കാണ് ബിൽ പ്രകാരം നൽകിയിരിക്കുന്നത്. ടെൻഡർ കുറവു പൂർണ്ണമായും വരുത്താതുമൂലം അധികം നൽകിയ 12,013/-രൂപ നിരാകരിക്കുന്നു. പ്രവൃത്തിയുടെ ആദ്യ പാർട്ട് ബിൽ 4,02,289/-രൂപ ബിൽ നം. 54/31-3-21 - നൽകിയിട്ടുണ്ട്. പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. പ്രോജക്ട് റിവൈസ് ചെയ്തപ്പോൾ പോളിത്തീൻ വാട്ടർ ടാങ്ക്, സബ്മേഴ്സബിൽ പമ്പ്സെറ്റ് എന്നിവ ഒഴിവാക്കിയാണ് എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തിയത്. ആയതിനാൽ കുടിവെള്ള പദ്ധതിക്ക് ചെലവഴിച്ച തുക ഉപയോഗപ്രദമായില്ല എന്നു വിലയിരുത്തുന്നു. കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | ഇനം | എസ്റ്റിമേറ്റ് അളവ് | നിരക്ക് (₹) | നൽകിയ നിരക്ക് (₹) | നല്കാവുന്ന നിരക്ക് (₹) | അധികം നൽകിയ നിരക്ക് (₹) | പ്രവൃത്തിയുടെ അളവ് | അധികം നല്കിയ തുക (₹) |
|---|---|---|---|---|---|---|---|---|
| 1. | 60.7.1 | 1.08m3 | 2,722.58 | 2,488.39 | 2,254.56 | 233.82 | 1.08 | 252.5 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | Dry Rubble Without Concrete Levelling Course........ | | | | | | | |
| 2 | 60.7.3<br>Dismantling DR, Dismantling And Clearing Away | 4.31m3 | 423.42 | 387.92 | 350.6 | 37.28 | 4.31 | 160.7 |
| 3 | 4.1.6<br>Providing And Laying Cement Concrete Of Specific Grade | 7.893 | 6,829.44 | 6,242.11 | 5,655.45 | 586.65 | 7.89 | 4,628.67 |
| 4 | 60.7.8<br>DR With Departmental Stone .......Etc | 3.45 | 1,014.94 | 927.66 | 840.47 | 87.18 | 3.65 | 318.2 |
| 5. | 4.3.1<br>Centering And Shuttering Including Strutting Proping ......Etc | 10.26m2 | 275.12/m2 | 251.98 | 227.8 | 24.15 | 10.26 | 247.8 |
| 6 | Dismantling Steel In Built Up Sections In Angles Tees Flats And Channels ...... | 320kg | 3.4/kg | 3.11 | 2.81 | .29 | 320 | 94.22 |
| 7 | 13.33.1<br>Pointing On Stonework With Cementmortar 1:3...... | 6.71m2 | 238.95 | 218.40 | 197.8 | 20.5 | 6.71 | 137.7 |
| 8 | Olf1141991/20-21 Providing Pvc Pipes Including Of Pipes With.... | 220m | 326.71/m | 298.61/m | 270.54 | 28.06 | 220m | 6173.5 |
| | | | | ആകെ | | | | 12,013.3 |

12,013/-രൂപ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

നിരാകരണം – 12,013/-രൂപ.
ആഡിറ്റ് എൻക്വയറി നം. – 1/13.3.22.

1-20 കാലി ബാരലിന്റെ വില ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത താഴെ പറയുന്ന റോഡ് റീടാറിംഗ് പ്രവൃത്തികൾക്ക് കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് കരാറുകാരന് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില ജി.എസ്.ടി. ഉൾപ്പെടെ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ വിശദാംശം | ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ (കി.ഗ്രാം.) | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില 238/- രൂപ നിരക്കിൽ 18% ജി.എസ്.ടി. ഉൾപ്പടെ |
|---|---|---|---|---|
| 1. | പ്രോജക്റ്റ് നം. : 27/20 (സ്പിൽ ഓവർ (പ്രോജക്റ്റ് ഹാജരാക്കിയില്ല)<br>പ്രവൃത്തിയുടെ പേര് : നെടുമൺകാവ് ഏറ്റിവായ്ക്കോട് റോഡ് റീടാറിംഗ്<br>അടങ്കൽ: 5,50,000/-രൂപ<br>ഫണ്ടിനം : വികസന ഫണ്ട്<br>കരാർ നം.16/AE/LSGD/KTR /2019-20<br>എം.ബുക്ക് നം. :31/19-20<br>ചെലവ് : 5,48,967/-രൂപ<br>ബിൽ നം.: 34/21-5-20 | 1714.98+176.6 =1891.58kg | 12 | 3,370/-രൂപ |
| 2 | പ്രോജക്റ്റ് നം. : 27/20 (സ്പിൽ ഓവർ (പ്രോജക്റ്റ് ഹാജരാക്കിയില്ല)<br>പ്രവൃത്തിയുടെ പേര്: മരുതമൺ പള്ളി -ഇടക്കൊടിയിൽ നെടുങ്ങാട്ട്റോഡ് ടാറിംഗ്<br>അടങ്കൽ: 5,50,000/-രൂപ<br>ഫണ്ടിനം : വികസന ഫണ്ട്-<br>കരാർ നം. : 19/AE/LSGD /KTR/19-20<br>എം.ബുക്ക് നം. 18/19-20<br>ചെലവ് : 4,98,676/-രൂപ<br>ബിൽ നം. : 32/22-4-20 | 1009.32+364+131 =1504.3 | 9 | 2,528/-രൂപ |
| 3 | പ്രോജക്റ്റ് നം. : 166/21<br>പ്രവൃത്തിയുടെ പേര്: നാടല്ലൂർ | 1714.8+156.35 =1871.15 | 12 | 3,370/-രൂപ |

| | | | | |
|---|---|---|---|---|
| | പിണററിൻമൂട് റോഡ് റീടാറിംഗ്<br>അടങ്കൽ: 5,00,000/-രൂപ<br>ഫണ്ടിനം : ധനകാര്യകമ്മീഷൻ ഗ്രാന്റ്-<br>കരാർ നം.:48/AE/LSGD/KTR /19-20<br>എം.ബുക്ക് നം. 73/20-21<br>ചെലവ് :4,95,600/-രൂപ<br>ബിൽ നം.: 42/23-3-21 | | | |
| | ആകെ | | | 9,268/-രൂപ |

ബന്ധപ്പെട്ട അസി.എഞ്ചിനീയറിൽ നിന്നും തുക ഈടാക്കി കണസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

നിരാകരണം – 9,268/-രൂപ

ആഡിറ്റ് എൻക്വയറി നം. – 2/10.03.2022.

1-21 ഇൗ-ടെൻഡർ വില ലഭ്യമായില്ല

വിവിധ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെൻഡർ ഫാറവില ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസിൽ നിന്നും നാളിതുവരെ ലഭ്യമായില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു. തുക ലഭ്യമാകാൻ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

| വർഷം | തുക (₹) |
|---|---|
| 2015 | 1,81,820/- |
| 2016 | 2,68,360/- |
| 2017 | 1,46,420/- |
| 2018 | 3,27,542/- |
| 2019 | 2,25,316/- |
| 2020 | 1,90,111/- |
| 2021 | 78,693/- |
| ആകെ | 14,18,262/- |

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 എക്സ്ട്രാ ഇനത്തിന് ടെൻഡർ കുറവ് വരുത്തിയില്ല-അധികചെലവ് നിരാകരിക്കുന്നു 12,013/-രൂപ

പ്രോജക്റ്റ് നം. – 88/21.

മൂഴിയിൽ പൈങ്ങാമുകൾ കുടിവെള്ള പദ്ധതി.
വികസന ഫണ്ട് – 4,13,988/-രൂപ (എസ്.സി.പി.).
റ്റി എസ് നം. – 47851/20-21.
എഗ്രിമെന്റ് - 27/ AEE / LSGD / KTR / 20-21.
കോൺട്രാക്ടർ – ശ്രീ. സുരേഷ് കുമാർ.
നികുതി കഴിച്ചുള്ള അടങ്കൽ തുക – 4,46,411/-രൂപ (എസ്റ്റിമേറ്റ് പ്രകാരം).
ക്വോട്ട് ചെയ്ത തുക – 3,69,631.94 രൂപ.
ചെലവുതുക - 4,02,289/-രൂപ (ബിൽ നം. 54/31.3.21).
നിർവഹണോദ്യോഗസ്ഥൻ- അസി.എൻജിനീയർ.

ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം 5/2 തീ. 4-11-20 പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ഉൾപ്പെടുത്തിയ എക്സ്ട്രാ ഇനം പ്രവൃത്തികൾക്ക് ടെൻഡർ കുറവ് (17.19%) വരുത്താത്ത നിരക്കാണ് ബിൽ പ്രകാരം നൽകിയിരിക്കുന്നത്. ടെൻഡർ കുറവ് പൂർണ്ണമായും വരുത്താതുമൂലം അധികം നൽകിയ 12,013/-രൂപ നിരാകരിക്കുന്നു. പ്രവൃത്തിയുടെ ആദ്യ പാർട്ട് ബിൽ 4,02,289/-രൂപ ബിൽ നം. 54/31-3-21 - നൽകിയിട്ടുണ്ട്. പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. പ്രോജക്ട് റിവൈസ് ചെയ്തപ്പോൾ പോളിത്തീൻ വാട്ടർ ടാങ്ക്, സബ്മേഴ്സബിൾ പമ്പ്സെറ്റ് എന്നിവ ഒഴിവാക്കിയാണ് എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തിയത്. ആയതിനാൽ കുടിവെള്ള പദ്ധതിക്ക് ചെലവഴിച്ച തുക ഉപയോഗപ്രദമായില്ല എന്നു വിലയിരുത്തുന്നു. കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | ഇനം | എസ്റ്റിമേറ്റ് അളവ് | നിരക്ക് (₹) | നൽകിയ നിരക്ക് (₹) | നല്കാവുന്ന നിരക്ക് (₹) | അധികം നൽകിയ നിരക്ക് (₹) | പ്രവൃത്തിയുടെ അളവ് | അധികം നല്കിയ തുക (₹) |
|---|---|---|---|---|---|---|---|---|
| 1. | 60.7.1 Dry Rubble Without Concrete Levelling Course........ | 1.08m3 | 2,722.58 | 2,488.39 | 2,254.56 | 233.82 | 1.08 | 252.5 |
| 2 | 60.7.3 Dismantling DR, Dismantling And Clearing Away | 4.31m3 | 423.42 | 387.92 | 350.6 | 37.28 | 4.31 | 160.7 |
| 3 | 4.1.6 Providing And Laying Cement Concrete Of Specific Grade | 7.893 | 6,829.44 | 6,242.11 | 5,655.45 | 586.65 | 7.89 | 4,628.67 |
| 4 | 60.7.8 DR With Departmental | 3.45 | 1,014.94 | 927.66 | 840.47 | 87.18 | 3.65 | 318.2 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | Stone .......Etc | | | | | | | |
| 5. | 4.3.1<br>Centering And Shuttering Including Strutting Proping ......Etc | 10.26m2 | 275.12/m2 | 251.98 | 227.8 | 24.15 | 10.26 | 247.8 |
| 6 | Dismantling Steel In Built Up Sections In Angles Tees Flats And Channels ...... | 320kg | 3.4/kg | 3.11 | 2.81 | .29 | 320 | 94.22 |
| 7 | 13.33.1<br>Pointing On Stonework With Cementmortar 1:3...... | 6.71m2 | 238.95 | 218.40 | 197.8 | 20.5 | 6.71 | 137.7 |
| 8 | Olf141991/20-21 Providing Pvc Pipes Including Of Pipes With.... | 220m | 326.71/m | 298.61/m | 270.54 | 28.06 | 220m | 6173.5 |
| | | | | ആകെ | | | | 12,013.3 |

12,013/-രൂപ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

നിരാകരണം – 12,013/-രൂപ.

ആഡിറ്റ് എൻക്വയറി നം. – 1/13.3.22.

3-2 കാലി ബാരലിന്റെ വില ഈടാക്കിയില്ല-അധികചെലവ്-9,268രൂപ നിരാകരിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത താഴെ പറയുന്ന റോഡ് റീടാറിംഗ് പ്രവൃത്തികൾക്ക് കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് കരാറുകാരന് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില ജി.എസ്.ടി. ഉൾപ്പെടെ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ വിശദാംശം | ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ (കി.ഗ്രാം.) | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില 238/- രൂപ നിരക്കിൽ 18% ജി.എസ്.ടി. ഉൾപ്പടെ |
|---|---|---|---|---|
| 1. | പ്രോജക്റ്റ് നം. : 27/20 (സ്പിൽ ഓവർ (പ്രോജക്റ്റ് ഹാജരാക്കിയില്ല) | 1714.98+176.6 =1891.58kg | 12 | 3,370/-രൂപ |

| | | | | |
|---|---|---|---|---|
| | പ്രവൃത്തിയുടെ പേര് : നെടുമൺകാവ് ഏറ്റിവായ്ക്കോട് റോഡ് റീടാറിംഗ് അടങ്കൽ: 5,50,000/-രൂപ ഫണ്ടിനം : വികസന ഫണ്ട് കരാർ നം.16/AE/LSGD/KTR /2019-20 എം.ബുക്ക് നം. :31/19-20 ചെലവ് : 5,48,967/-രൂപ ബിൽ നം.: 34/21-5-20 | | | |
| 2 | പ്രോജക്ട് നം. : 27/20 (സ്പിൽ ഓവർ (പ്രോജക്റ്റ് ഹാജരാക്കിയില്ല) പ്രവൃത്തിയുടെ പേര്: മരുതമൺ പള്ളി -ഇടക്കൊടിയിൽ നെടുങ്ങാട്ട്റോഡ് ടാറിംഗ് അടങ്കൽ: 5,50,000/-രൂപ ഫണ്ടിനം : വികസന ഫണ്ട്- കരാർ നം. : 19/AE/LSGD /KTR/19-20 എം.ബുക്ക് നം. 18/19-20 ചെലവ് : 4,98,676/-രൂപ ബിൽ നം. : 32/22-4-20 | 1009.32+364+131 =1504.3 | 9 | 2,528/-രൂപ |
| 3 | പ്രോജക്റ്റ് നം. : 166/21 പ്രവൃത്തിയുടെ പേര്: നാടല്ലൂർ പിണറ്റിൻമൂട് റോഡ് റീടാറിംഗ് അടങ്കൽ: 5,00,000/-രൂപ ഫണ്ടിനം : ധനകാര്യകമ്മീഷൻ ഗ്രാന്റ്- കരാർ നം.:48/AE/LSGD/KTR /19-20 എം.ബുക്ക് നം. 73/20-21 ചെലവ് :4,95,600/-രൂപ ബിൽ നം.: 42/23-3-21 | 1714.8+156.35 =1871.15 | 12 | 3,370/-രൂപ |
| | ആകെ | | | 9,268/-രൂപ |

ബന്ധപ്പെട്ട അസി.എഞ്ചിനീയറിൽ നിന്നും തുക ഈടാക്കി കണസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

നിരാകരണം – 9,268/-രൂപ.

ആഡിറ്റ് എൻക്വയറി നം. – 2/10.03.2022.

3-3 വിദേശ തൊഴിൽ നേടുന്ന യുവാക്കൾക്ക് ധനസഹായം നൽകൽ-സന്ദർശക വിസയിൽ

പോയവർക്കും ആനുകൂല്യം നൽകി.

പ്രോജക്ട് നമ്പർ – 57/21.
പ്രോജക്ട് – വിദേശ തൊഴിൽ നേടുന്ന യുവാക്കൾക്ക് ധനസഹായം നൽകൽ.
നിർവഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ.
അടങ്കൽ -6,00,000/-രൂപ.
ചെലവ് 4,00,000/-രൂപ.
ബിൽ നമ്പർ CB 4/20-21/1,00,000/-രൂപ.
ബിൽ നമ്പർ CB 17/20-21/31-12-20-1,00,000/-രൂപ.
ബിൽ നമ്പർ CB 28/20-21/16-3-21/2,00,000/-രൂപ.

തൊഴിൽ വിസയും ടിക്കറ്റും ഹാജരാക്കുമ്പോൾ ധനസഹായമായി ഒരു ലക്ഷം രൂപ നൽകുന്ന പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയ സിമി പി. ഹാജരാക്കിയിരിക്കുന്ന എൻട്രി വിസ പ്രകാരം (കാലാവധി തൊണ്ണൂറ് ദിവസം ആണ്) വിസിറ്റിംഗ് വിസയിൽ വിദേശത്ത് പോയ വ്യക്തിയ്ക്ക് ആനുകൂല്യം നൽകിയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,00,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

നിരാകരിച്ച തുക - 1,00,000/-രൂപ.
ഓഡിറ്റ് എൻക്വയറി നമ്പർ – 9/19-20/15-3-22.

3-4 പാലിന് സബ്സിഡി-വാർഷിക പരിധിയിൽ അധികമായി ആനുകൂല്യം നൽകി

പാലിന് സബ്സിഡിയിനത്തിൽ ഒരു കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 40,000/-രൂപയാണെന്ന മാർഗനിർദ്ദേശമുണ്ടായിരിക്കെ വാർഷിക പരിധിയിൽ അധികമായി ആനുകൂല്യം നൽകി.

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പാലിന് സബ്സിഡി എന്ന പ്രോജക്ടും (നം. 73/20-21) ഗ്രാമ പഞ്ചായത്തുകൾ നടപ്പാലാക്കിയ സമാന പ്രോജക്ടുകളും വഴി ക്ഷീരകർഷകർക്ക് 2020-21 വർഷത്തിൽ 40,000/- രൂപയിൽ അധികമായി ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം | അനുവദിച്ച സബ്സിഡി (₹) | UTR NO | സബ്സിഡി അനുവദിച്ച തദ്ദേശ സ്ഥാപനം | അധികമായി അനുവദിച്ച സബ്സിഡി (₹) |
|---|---|---|---|---|
| മിനിമോൾ കാർത്തിക ഭവൻ നെടുവത്തൂർ | 10,900/- | U000000826825122 | കൊട്ടാരക്കര ബ്ലോ.പ. | 26,748/- |
| | 29,100/- | U000000805249168 | നെടുവത്തൂർ ഗ്രാ.പ. | |
| | 404/- | U000000811718504 | നെടുവത്തൂർ ഗ്രാ.പ. | |
| | 18,636/- | U000000784721882 | നെടുവത്തൂർ ഗ്രാ.പ. | |
| | 5,372/- | U000000784722142 | നെടുവത്തൂർ ഗ്രാ.പ. | |
| | 2,336/- | U000000784722392 | നെടുവത്തൂർ ഗ്രാ.പ. | |
| അരുൺ വിദ്യാധരൻ നാരായണി നിവാസ് എഴുകോൺ | 11,972/- | U000000786250462 | എഴുകോൺ ഗ്രാ.പ. | 13,477/- |
| | 16,680/- | U000000786250732 | എഴുകോൺ ഗ്രാ.പ. | |
| | 1,077/- | U000000855938612 | എഴുകോൺ ഗ്രാ.പ. | |
| | 10,120/- | U000000807823356 | എഴുകോൺ ഗ്രാ.പ. | |
| | 5/-108/- | U000000812589360 | എഴുകോൺ ഗ്രാ.പ. | |
| | 8,520/- | U000000823120232 | കൊട്ടാരക്കര ബ്ലോ.പ. | |
| കൃഷ്ണകുമാരി, മംഗലത്ത് വീട് കരീപ്ര | 6,665/- | U000000812589604 | കരീപ്ര ഗ്രാ.പ. | 9,513/- |
| | 9,034/- | U000000817658430 | കരീപ്ര ഗ്രാ.പ. | |
| | 17,309/- | Null 20040252026 700688663 (Bill Id) | കരീപ്ര ഗ്രാ.പ. | |
| | 465/- | U000000786250840 | കരീപ്ര ഗ്രാ.പ. | |
| | 3,750 | U000000786250936 | കരീപ്ര ഗ്രാ.പ. | |
| | 12,290/- | U000000852428852 | കൊട്ടാരക്കര ബ്ലോ.പ. | |

നം. സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ. തീയതി.14.2.2018 പ്രകരം പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖ.6.2.8 പ്രകാരം പാലിന് സബ്സിഡിയിനത്തിൽ ഒരു കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 40,000/- രൂപയാണെന്നും സംയുക്തമായോ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് മാത്രമായോ പദ്ധതി നടപ്പിലാക്കാം എന്ന് വ്യക്തമാക്കിയിരിക്കെ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പാലിന് സബ്സിഡി എന്ന പ്രോജക്റ്റിലൂടെയും (നം.73/20-21) ഗ്രാമ പഞ്ചായത്തുകൾ നടപ്പാലാക്കിയ സമാന പ്രോജക്ടുകളിലൂടെയും പ്രസ്തുത പരിധി പാലിക്കാതെ 2020-21 വർഷത്തിൽ 40,000/- രൂപയിൽ അധികമായി ആനുകൂല്യം നൽകിയിരിക്കുന്നത്. ആയതിന്മേൽ രേഖാമൂലമുള്ള വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/15.03.2022) മറുപടി നൽകിയിട്ടില്ല.

സബ്സിഡിയിനത്തിൽ അധികമായി ചെലവഴിച്ച 49,738/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

നിരാകരിച്ച തുക – 49,738/-രൂപ .

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-2021 | 08.03.2022 | കെ.എസ്.എ.കെ.എൽ.എം.പി6/504/2022 തീയതി 22/06/2022 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| കരീപ്ര ഗ്രാമപ്പഞ്ചായത്ത് | 2020-2021 | 3,00,000/- | നെടുമൺകാവ് സി.എച്ച്.സി.യിൽ ഡിജിറ്റൽ X-ray, മാമോഗ്രാം | 3,00,000/- | - |
| എഴുകോൺ ഗ്രാമപ്പഞ്ചായത്ത് | 2020-2021 | 70,000/- | P.M.A.Y പദ്ധതി | 70,000/- | - |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി-യുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| I.A.Y.ഭവന പദ്ധതി | ഉത്തരവ്(സാധാ) 2627/2012 /തസ്വഭവ, 18.9.12 | | 1,01,49,643/- | 5,00,000/- | | 96,49,643/- |

.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 3-23 | 2001-02 | 1-4 | അംഗൻവാടികളിലേയ്ക്ക് ബേബി ചെയർ വാങ്ങിയത് ക്രമവിരുദ്ധം | |
| വിഷയാധിഷ്ഠിത അവലോകനം | | 2014-15 | 4.1.5 | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ നിഷ്ക്രീയാസ്തികൾ നെടുമൺകാവ് സി.എച്ച്.സിയ്ക്ക് 2011-12 ൽ 5,11,682/- രൂപ ചെലവിട്ട് ആംബുലൻസ് വാങ്ങിയത് നാശോന്മുഖമാണ്. | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 9,80,76,410/-രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 9,56,96,075/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 1,71,019/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 19,36,538/-രൂപ |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 12,013/- | ശ്രീമതി. സുനില എൻ എസ് അസ്സിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | - | 9,268/- | ശ്രീമതി. ഗീതു എസ് അസ്സിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | - | 1,00,000/- | ശ്രീ. സച്ചൻദാസ് ആർ, എസ്.സി.ഡി.ഒ. |
| 3-4 | - | 49,738/- | ശ്രീമതി. കെ പി ബീന |

| | | | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
|---|---|---|---|

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 6,05,000/- | ഡോ.മേരിക്കുട്ടി തോമസ്സ്, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 1-11 | 45,000/- | ശ്രീ.സച്ചിൻദാസ് എസ്.ആർ. പട്ടികജാതി വികസന ഓഫീസർ |
| 1-12 | 5,36,538/- | ഡോ.മേരിക്കുട്ടി തോമസ്സ്, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 1-14 | 7,50,000/- | ശ്രീമതി. കെ പി ബീന ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ |
|---|

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സച്ചിൻദാസ് എസ് ആർ പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് | കരിക്കകത്തിൽ ഹൗസ്, കോട്ടപ്പുറം ഇളംപെഴന്നൂർ പി.ഒ |
| ഡോ. മേരിക്കുട്ടി തോമസ്സ് മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | മെഡിക്കൽ ഓഫീസർ സി.എച്ച്.സി,നെടുമൺകാവ് | ടി.സി.11/172, നാലാഞ്ചിറ, തിരുവനന്തപുരം |
| ശ്രീമതി. കെ പി ബീന ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് | കെട്ടിടത്തിൽ, ഇടയ്ക്കിടം പി.ഒ, കൊല്ലം |
| ശ്രീമതി. സുനില എൻ എസ് അസ്സിസ്റ്റന്റ് എഞ്ചിനീയർ | അസ്സിസ്റ്റന്റ് എഞ്ചിനീയർ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് | തേജസ്, ഇളമാട് പി. ഒ, ആയൂർ, കൊല്ലം |
| ശ്രീമതി. ഗീതു എസ് അസ്സിസ്റ്റന്റ് എഞ്ചിനീയർ | അസ്സിസ്റ്റന്റ് എഞ്ചിനീയർ കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് | ഗീതം, വികാസ് നഗർ 103 പട്ടത്താനം, കൊല്ലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-2000 | കെ.എസ്.എ കെഎൽ എംപി6 /176 /18 തീ. 07-02-2018 |

| | |
|---|---|
| 2000-2001 | കെ.എസ്.എ കെഎൽ എംപി6 /176 /18 തീ. 07-02-2018 |
| 2001-2002 | കെ.എസ്.എ കെഎൽ എംപി6 /176 /18 തീ. 07-02-2018 |
| 2004-05 | കെ.എസ്.എ കെഎൽ എംപി6 /176 /18 തീ. 07-02-2018 |
| 2005-06 | കെ.എസ്.എ കെഎൽ എംപി6 /176 /18 തീ. 07-02-2018 |
| 2006-07 | LFQ(DB)1376(5)/14/23.06.14 |
| 2007-08 | LFQ(DB)1376(4)/14/23.06.14 |
| 2008-09 | LFQ(DB)1376(3)/14/23.06.14 |
| 2009-10 | LFQ(DB)1376(2)/14/23.06.14 |
| 2010-11<br>2011-12 | LFQ(DB)1376(1)/14/23.06.14 |
| 2012-13<br>2013-14 | LFQ(DB)2606/2014/28.02.15 |
| 2014-2015 | കെ.എസ്.എ.കെ.എൽ എംD.B-1813/16/1.2.17 |
| 2015-16 | കെ.എസ്.എ.കെ.എൽ എംD.B 527/2017, തീയതി. 22.07.17 |
| 2016-17 | കെ.എസ്.എ.കെ.എൽ എം.പി.6/1982/2017, തീയതി. 27.11.17 |
| 2017-18 | കെ.എസ്.എ.കെ.എൽ എം.പി.6 286/19/4.4.19 |
| 2018-19 | കെ.എസ്.എ.കെ.എൽ എം.പി.6/1127/2020/ 13.01.2021 |
| 2019-20 | കെ.എസ്.എ.കെ.എൽ എം.പി.6/499/2022/ 28.06.2022 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.